ഉത്തരം

(എ) ഉണ്ട്.

(ബി) 341, 506 (11)304 ഐ.പി.സി. വകുപ്പുകൾ പ്രകാരം കേസ്സെടുത്തിട്ടുണ്ട്.

(സി) നിത്യാനന്ദന്റെ മകൻ പ്രസാദ് ആണ് പ്രതി.

(ഡി) ഇല്ല.

(ഇ) 13.6.99-ൽ ഒരു പരാതി കൊടുത്തിരുന്നു.

(എഫ്)&(ജി) പതാതിയിന്മേൽ കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയതിൽ ഇരുകൂട്ടരും തമ്മിൽ ചിട്ടിപ്പണത്തെ സംബന്ധിച്ച് വാക്കു തർക്കവും മറ്റും ഉണ്ടായതായി മനസ്സിലായതിനാൽ ഇരുകക്ഷികളെയും 15.6.99-ൽ സ്റ്റേഷനിൽ ഹാജരാകാൻ നിർദ്ദേശിച്ചിരുന്നു. എന്നാൽ പ്രതിയായ പ്രസാദ് ഹാജരായിട്ടില്ലായിരുന്നു.

50 (1410) സുലോചനയുടെ മരണം

ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലാ ആശുപത്രിയിൽ സിസേറിയന് വിധേയനായ മുമ്മുണിയൻ സുലോചനയുടെ മരണകാരണം (ക്രൈം നമ്പർ. 137/98 കണ്ണൂർ സിറ്റി പോലീസ് സ്റ്റേഷൻ) എന്താണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതു സംബന്ധിച്ച് കെമിക്കൽ എസ്കാമിനറുടെ പരിശോധനാ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇതിന്റെ വിശദവിവരം നൽകാമോ?

ഉത്തരം

(എ) മരണകാരണം വെളിവായിട്ടില്ല.

(ബി) കെമിക്കൽ എക്സാമിനേഷൻ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(സി) ഉദിക്കുന്നില്ല.

51 (1411) തങ്കൾകുഞ്ഞിന്റെ മരണം

ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് കസ്റ്റഡിയിലിരിക്കെ മരണമടഞ്ഞ തങ്കൾകുഞ്ഞിന്റെ മരണവുമായി ബന്ധപ്പെട്ട് ആലപ്പുഴയിൽ സസ്പെൻഷനിലായ പോലീസ് ഉദ്യോഗസ്ഥന്മാരെ സസ്പെൻഷൻ പിൻവലിച്ച് സർക്കാർ സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആരെയെല്ലാം എന്നും കാരണം എന്തെന്നും വിശദമാക്കാമോ;

(സി) ഇവർക്ക് ഏതെല്ലാം സ്ഥലങ്ങളിലാണ് പോസ്റ്റിംഗ് നൽകിയത് എന്ന് വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പോലീസ് കസ്റ്റഡിയിൽ മരിച്ച തങ്ങൾകുഞ്ഞിന്റെ ആശ്രിതർക്ക് മനുഷ്യാവകാശ കമ്മിഷൻ നിർദ്ദേശിച്ച പ്രകാരമുള്ള നഷ്ട പരിഹാര തുക കൈമാറിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ഇ) കേസ്സന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സബ് ഇൻസ്പെക്ടർ ജോൺ വർഗ്ഗീസ്, ഹെഡ് കോൺസ്റ്റബിൾ പ്രദീപ്, കോൺസ്റ്റബിൾമാരായ പ്രദീപ് കുമാർ, ഗോപിനാഥപ്രഭ, സുബാഷ് എന്നിവരെയാണ് സസ്പെൻഷൻ പിൻവലിച്ച് സർവ്വീസിൽ പുനഃപ്രവേശിപ്പിച്ചിട്ടുള്ളത്. ആറ് മാസക്കാലത്തിലധികം അനിശ്ചിതമായി സസ്പെൻഷനിൽ നിറുത്തുന്നത് ഒഴിവാക്കാനാണ് ഇവരെ തിരിച്ചെടുത്തിട്ടുള്ളത്.

(സി) സബ് ഇൻസ്പെക്ടർ ജോൺ വർഗ്ഗീസിന് എറണാകുളം റൂറലിലും മറ്റുള്ളവർക്ക് കൊച്ചി സിറ്റിയിലുമാണ് പോസ്റ്റിംഗ് നൽകിയിട്ടുള്ളത്. ഇതിൽ കോൺസ്റ്റബിൾ സുബാഷിനെ കൊച്ചി സിറ്റിയിൽനിന്ന് വീണ്ടും പത്തനംതിട്ട ജില്ലയിലേയ്ക്ക് മാറ്റുകയുണ്ടായി.

(ഡി) ഉണ്ട്. സർക്കാർ അനുവദിച്ച രണ്ടു ലക്ഷം രൂപയിൽ ഒന്നര ലക്ഷം രൂപ 5 വർഷത്തേയ്ക്ക് എസ്.ബി.ടി. പുന്നപ്ര ബ്രാഞ്ചിൽ ഫിക്സഡ് ഡിപ്പോസിറ്റ് ആയി നിക്ഷേപിച്ചിട്ടുള്ളതും ബാക്കി 50,000/- രൂപ തങ്ങൾകുഞ്ഞിന്റെ ആശ്രിതർക്ക് തുല്യമായി വീതിച്ചു നൽകിയിട്ടുള്ളതുമാണ്.

(ഇ) ഇതു സംബന്ധിച്ച ക്രൈംബ്രാഞ്ച് കേസ്സ് അന്വേഷണ ഘട്ടത്തിലാണ്.

52 (1412) പിറവം പോലീസ് ചാർജ്ജ് ചെയ്ത കേസ്സുകൾ

ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1994 മുതൽ '98 വരെ പിറവം പോലീസ് ചാർജ്ജ് ചെയ്ത ഏതെല്ലാം കേസ്സുകളാണ് സർക്കാർ പിൻവലിച്ചിട്ടുള്ളത്;

(ബി) ഈ കേസ്സുകളിൽ ചുമതലപ്പെട്ട കുറ്റങ്ങൾ എന്തെല്ലാമായിരുന്നു;

(സി) ഇവയിലെ പ്രതികൾ ആരെല്ലാമായിരുന്നു;

(ഡി) ഈ കേസ്സുകൾ പിൻവലിക്കാനുണ്ടായ കാരണങ്ങൾ എന്താണ് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1994 മുതൽ '98 വരെ പിറവം പോലീസ് ചാർജ്ജ് ചെയ്ത ക്രൈം നം. 191/94, 195/94 എന്നീ നമ്പർ കേസ്സുകളാണ് സർക്കാർ കോടതിയുടെ അനുമതിയോടെ പിൻവലിച്ചിട്ടുള്ളത്.

(ബി) ക്രൈം നം 191/94 കേസ്സ് സെക്ഷൻ 323, 342, 506 (1) 341 ഐ.പി.സി. പ്രകാരമുള്ള കുറ്റങ്ങളും ക്രൈം നം. 195/94, പ്രിവൻഷൻ ഓഫ്

LIBRARY ARCHIVES Kerala Legislative Assembly